

# സ്കൂൾവിക്കി - ലിറ്റിൽ കൈറ്റ്സ് - ഹെഡർ ടെംപ്ലേറ്റ് ചേർക്കൽ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഉള്ള വിദ്യാലയങ്ങൾ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനാൽ, പേജിൽ വിവരങ്ങളുടെ ആധിക്യം ഉണ്ടാവുന്നു.


- എല്ലാ ബാച്ചിന്റേയും വിവരങ്ങൾ ഒറ്റ പേജിൽ ചേർക്കുന്നത് വിവരച്ചോർച്ചയ്ക്ക് കാരണമാകാം.
- തിരയൽ ദുഷ്ക്കരമാക്കാം.
- പേജ് തുറന്നുവരുന്നതിന് തടസ്സമുണ്ടാക്കാം.
- മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമായി ഓരോ ബാച്ചിന്റേയും വിവരങ്ങൾ വ്യത്യസ്ത പേജുകളിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താം. ഇതിനാവശ്യമായ Tab Template ചേർത്ത് Little Kites Club പേജ് പരിഷ്ക്കരിക്കണം.
- **വിവരങ്ങൾ ബാച്ച് തിരിച്ച് രേഖപ്പെടുത്തുന്നത് മൂല്യനിർണ്ണയ സമയത്ത് സ്കൂളിന് പ്രയോജനപ്രദമാവും എന്നതുകൂടി ശ്രദ്ധിക്കണം.**




- ഓരോ ബാച്ചിന്റേയും ഡിജിറ്റൽ മാഗസിന്റേയും പ്രത്യേകം പേജ് സൃഷ്ടിക്കുന്നതിന് {{Lkframe/Header}} എന്നത് പകർത്തി **ലിറ്റിൽ കൈറ്റ്സ് പേജിന്റെ ഏറ്റവും മുകളിൽ ചേർക്കുക.** കണ്ടുതിരുത്തൽ, മൂലരൂപം തിരുത്തൽ എന്നീ രണ്ടു സങ്കേതങ്ങളിലും ഇത് ചെയ്യാം.





**{{Lkframe/Header}} ടെംപ്ലേറ്റ്**





**{{Lkframe/Header}} ചേർത്ത് സേവ് ചെയ്യുക**

- സേവ് ചെയ്യുമ്പോൾ ഓരോ വർഷത്തിന്റേയും ടാബുകൾ ലഭിക്കുന്നു, കൂടെ ഡിജിറ്റൽ മാഗസിനുള്ള ടാബും.
- സേവ് ചെയ്ത് കഴിയുമ്പോൾ, Home Page മാത്രം നീലയും മറ്റ കണ്ണികൾ ചുവപ്പിലും കാണപ്പെടുന്നു.
- **ചുവന്ന കണ്ണികളിലൂടെ പേജുകൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു** എന്ന് ഇതിൽനിന്ന് വ്യക്തമാണ്





**Home Page മാത്രം നീലയും മറ്റ കണ്ണികൾ ചുവപ്പിലും കാണപ്പെടുന്നു.**

- **ഡിജിറ്റൽ മാഗസിൻ** എന്ന കണ്ണിയിൽ ക്ലിക്ക് ചെയ്യുക. തുറന്നുവരുന്ന സൃഷ്ടിക്കാനുള്ള പേജിൽ ഏറ്റവും മുകളിൽ {{Lkframe/Pages}} എന്ന template പകർത്തി ചേർക്കുക. സേവ് ചെയ്യുക.




**{{Lkframe/Pages}} എന്ന template ചേർക്കുന്നു**

- ഓരോ വർഷത്തിനുമുള്ള പേജുകളിൽ മാത്രം {{Lkframe/Pages}} എന്നതിനൊപ്പം Infobox Template കൂടി ചേർക്കാനുണ്ട്. (ലിറ്റിൽ കൈറ്റ്സ് എന്ന Home page ലും ഡിജിറ്റൽ മാഗസിൻ പേജിലും Infobox ചേർക്കേണ്ടതില്ല എന്ന് പ്രത്യേകം ശ്രദ്ധിക്കുക. മറ്റുള്ള ഓരോ ബാച്ചിന്റേയും പേജുകളിൽ മാത്രം താഴെ നൽകിയിട്ടുള്ള കോഡ് മുഴുവൻ പകർത്തി ചേർക്കുക)





{{Lkframe/Pages}}

{{Infobox littlekites
|സ്കൂൾ കോഡ്=
|അധ്യയനവർഷം=
|യൂണിറ്റ് നമ്പർ=
|അംഗങ്ങളുടെ എണ്ണം=
|വിദ്യാഭ്യാസ ജില്ല=
|റവന്യൂ ജില്ല=
|ഉപജില്ല=
|ലീഡർ=
|ഡെപ്യൂട്ടി ലീഡർ=
|കൈറ്റ് മാസ്റ്റർ / മിസ്ട്രസ് 1=
|കൈറ്റ് മാസ്റ്റർ / മിസ്ട്രസ് 2=
|ചിത്രം= <!-- ബാച്ചിന്റെ ഗ്രൂപ്പ് ഫോട്ടോ അപ്‌ലോഡ് ചെയ്ത് ഫയൽനാമം = ചിഹ്നത്തിന്ശേഷം ചേർക്കുക. -->
|ഗ്രേഡ്=
}}


- മുകളിൽ ഹൈലൈറ്റ് ചെയ്ത് നൽകിയ മുഴുവൻ കോപ്പിചെയ്ത് ചേർക്കണം, അല്ലാത്തപക്ഷം, Template പ്രവർത്തിക്കില്ല.

- മുകളിലെ Template കോഡ് പകർത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ, ലിറ്റിൽകൈറ്റ്സ് താളിനുള്ള ഇൻഫോബോക്സ് ടെംപ്ലേറ്റ് **ഇവിടെനിന്നും** പകർത്താവുന്നതാണ്





**പുതിയതായിച്ചേർത്ത Infobox വിവരങ്ങൾ ചേർക്കുന്നതിന് മുൻപ്**

- മൂലരൂപം തിരുത്തൽ (Source Editing), കണ്ടുതിരുത്തൽ ( Visual Editor) എന്നീ രണ്ടു സങ്കേതങ്ങളിലും Infobox തിരുത്താവുന്നതാണ്.





**Source Editor ൽ വിവരങ്ങൾ ചേർക്കാം**





**Visual Editor ൽ വിവരങ്ങൾ ചേർക്കാം.**

- അധ്യയനവർഷം എന്നതിൽ, ആ ബാച്ചിന്റെ കാലഘട്ടമാണ് ചേർക്കേണ്ടത്
- ബാച്ചിന്റെ ഗ്രൂപ്പ് ഫോട്ടോ അപ്‌ലോഡ് ചെയ്ത് ഫയൽനാമം = ചിഹ്നത്തിന്ശേഷം ചേർക്കുക. പ്രമാണം: എന്നതാഴികെയുള്ള ഫയൽനാമം ചേർക്കണം.
- രണ്ട് യൂണിറ്റുകൾ ഉണ്ടെങ്കിൽ, രണ്ട് Infobpox ചേർക്കുക.



- ലിറ്റിൽ കൈറ്റ്സ് - ഓരോ വർഷത്തേയും കുട്ടികളുടെ പട്ടിക ചേർക്കാം. ഓരോ യൂണിറ്റിന്റേയും ഒരു ഗ്രൂപ്പ് ഫോട്ടോ (കൈറ്റ് മാസ്റ്റർ, മിസ്ട്രസ് ഉൾപ്പെടെ) ചേർക്കാം. (മുൻ വർഷങ്ങളിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ചിത്രമാണ് ചേർത്തിരുന്നത്. അത് ആവർത്തിക്കേണ്ടതില്ല. ഓരോ കുട്ടിയുടേയും ചിത്രങ്ങൾ പ്രത്യേകമായി ചേർക്കരുത്)
- ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന '''ശ്രദ്ധേയമായ തനതുപ്രവർത്തനങ്ങൾ''' രേഖപ്പെടുത്തണം. ഇതിൽ മാനദണ്ഡങ്ങൾ പാലിച്ച് ചിത്രങ്ങൾ ചേർക്കാം.
- '''കൈറ്റ്സ് മാഗസിൻ''' എന്ന ടാബിൽ ഓരോ വർഷത്തേയും മാഗസിൻ അപ്‌ലോഡ് ചെയ്ത് കണ്ണി ചേർക്കാവുന്നതാണ്.




മാതൃകയാക്കിയ പേജ് ഇവിടെക്കാണാം

Click Here for the Video Help File

( There may be slight changes in the video from the pdf file )

---

- വാട്സ്ആപ്ഗ്രൂപ്പിൽ ചേരുന്നതിനും മുൻ യൂണിറ്റ് ഫയലുകൾക്കും ഇവിടെ ക്ലിക്ക് ചെയ്യുക
- സംശയങ്ങൾ ഗ്രൂപ്പിൽത്തന്നെ ചോദിക്കുക, അല്ലെങ്കിൽ, Schoolwiki Helpdesk ൽ ബന്ധപ്പെടുക.

**പ്രത്യേക അറിയിപ്പ്:**

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ വാർഷിക മൂല്യനിർണ്ണയത്തിനും വിദ്യാലയപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സ്കൂൾവിക്കിയിലെ ഉള്ളടക്കം പ്രധാനമായും അവലംബിക്കുന്നതാണ്. LK Unit ഉള്ള വിദ്യാലയങ്ങളിൽ, സ്കൂൾവിക്കിയുടെ പരിപാലനത്തിൽ ഇതിലെ അംഗങ്ങൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. LK Master / LK Mistress ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സ്കൂൾവിക്കി എഡിറ്റിങ് പരിശീലനം ആവശ്യമുള്ളവർക്കെല്ലാം ഓൺലൈൻ ആയി നൽകുന്നതാണ്. ഇതിന് എല്ലാ LK Master / LK Mistress മാരും സ്കൂൾവിക്കിയുടെ ജില്ലാതലത്തിലുള്ള വാട്സ്ആപ് ഗ്രൂപ്പിൽ അംഗമാകുക. കൂടുതൽ അറിയിപ്പുകൾ അവിടെ നൽകുന്നതാണ്.

-- Co-ordinator , Schoolwiki,